ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 18.04.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന 102 മണ്ഡലങ്ങളിൽ നാളെ വോട്ടെടുപ്പ് നടക്കും. മുന്നൊരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. തമിഴ്നാട്ടിലെ 39 മണ്ഡലങ്ങളിലും ലക്ഷദ്വീപിലും നാളെയാണ് വോട്ടെടുപ്പ്.

   Preparations in full swing for polling in first phase of Lok Sabha elections tomorrow; Voting to be held for 102 parliamentary constituencies.

2. നാലാംഘട്ട തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു.

   **The Election Commission has issued the notification for the fourth phase of elections.**

3. ബഹിരാകാശ മേഖലയിൽ 100 ശതമാനം വരെ വിദേശ നിക്ഷേപം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു.

   **The Government has notified amended rules under the Foreign Exchange Management Act to operationalise its decision to allow up to 100 per cent FDI for the space sector.**

4. തൃശൂർ പൂരത്തിന്റെ വരവറിയിച്ച് പൂര വിളംബരം ഇന്ന് നടന്നു. ലോകപ്രശസ്തമായ തൃശൂർ പൂരം നാളെ.

   **Thrissur Pooram proclamation held today. Pooram to be held tomorrow.**

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

**In IPL cricket, Punjab Kings will take on Mumbai Indians today.**

*______________________________*

## POLLING STORY

ആദ്യ ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ രാജ്യത്ത് പൂർത്തിയായി. 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലേയും 102 മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ് നടക്കുക. 1,625 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. പരസ്യപ്രചാരണം ഇന്നലെ അവസാനിച്ചിരുന്നു. വീടുകൾ തോറും കയറിയിറങ്ങിയുള്ള നിശബ്ദ പ്രചാരണമാണ് ഇന്ന് നടക്കുന്നത്. ഒറ്റഘട്ടമായി തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലെ 39 മണ്ഡലങ്ങളിലും നാളെയാണ് വോട്ടെടുപ്പ്. ലക്ഷദ്വീപ്, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ, ഉത്തരാഖണ്ഡ്, അരുണാചൽ പ്രദേശ്, മേഘാലയ, മിസോറാം, നാഗാലാൻറ്, സിക്കിം എന്നിവിടങ്ങളിലും നാളെ വോട്ടെടുപ്പ് പൂർത്തിയാവും.

രാജസ്ഥാനിലെ 12 മണ്ഡലങ്ങളിലും, ഉത്തർപ്രദേശിലെ എട്ടും, മധ്യപ്രദേശിലെ ആറും, അസം, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ അഞ്ചു വീതം സീറ്റുകളിലും ആദ്യഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കും. ബിഹാറിൽ നാലും, പശ്ചിമബംഗാളിൽ മൂന്നും, മണിപ്പൂരിൽ രണ്ടും, ഛത്തീസ്ഗഡിലെയും, ത്രിപുരയിലെയും, ജമ്മുകശ്മീരിലെയും ഓരോ സീറ്റിലും നാളെയാണ് വോട്ടെടുപ്പ്. അരുണാചൽ പ്രദേശ്, സിക്കിം നിയമസഭ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പും നാളെ നടക്കും.

*______________________________*

## Lakshadweep loksabha election (INTRO)

ഒരു ലോക്സഭാ മണ്ഡലം മാത്രമുള്ള ലക്ഷദ്വീപിൽ വോട്ടെടുപ്പ് നാളെ നടക്കും. നിശബ്ദ പ്രചാരണം ദ്വീപുകളിൽ തുടരുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം.

(വോയ്സ്)

*______________________________*

## KERALA CAMPAIGNING

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ, ദേശീയ നേതാക്കളെയടക്കം രംഗത്തെത്തിച്ച് മൂന്ന് മുന്നണികളും പ്രചാരണം ശക്തമാക്കി. കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ രാജ്നാഥ് സിങ്ങ് ഇന്ന് കൊല്ലത്ത് തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കും. ഇന്നലെ അദ്ദേഹം കാസർകോട്, വടകര, കണ്ണൂർ മണ്ഡലങ്ങളിൽ പ്രചാരണ റാലികളിൽ പങ്കെടുത്തു.

കേന്ദ്ര വ്യോമയാന സഹമന്ത്രിയും ബിജെപി നേതാവുമായ വി.കെ. സിങ്ങും തിരഞ്ഞെടുപ്പ് പ്രചരണാർത്ഥം കേരളത്തിലെത്തും. മലപ്പുറം, പാലക്കാട് ജില്ലകളിലെ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന്, പാലക്കാടും, കോട്ടയത്തും, കണ്ണൂരും നടക്കുന്ന തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

കർണാടക ഉപമുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ഡി കെ ശിവകുമാറും കോൺഗ്രസിനായി പര്യടന രംഗത്തുണ്ട്. കോൺഗ്രസ് നേതാക്കളായ മല്ലികാർജ്ജുൻ ഖർഗെ, പ്രിയങ്ക ഗാന്ധി, രേവന്ത് റെഡ്ഡി തുടങ്ങിയവർ വരും ദിവസങ്ങളിൽ യുഡിഎഫ് പ്രചാരണത്തിനെത്തും. ബിജെപി ദേശീയ

അധ്യക്ഷൻ ജെ പി നഡ്ഡ നാളെ കോട്ടയം മണ്ഡലത്തിൽ പ്രചരണം നടത്തും. സിപിഐ (എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി വടകരയിലും കോഴിക്കോട് മണ്ഡലത്തിലെ ഉള്ളിയേരിയിലും പൊതുയോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്. സിപിഐ ജനറൽ സെക്രട്ടറി ഡി രാജയും സംസ്ഥാനത്ത് പ്രചാരണത്തിനുണ്ട്. സിപിഐ (എം) പോളിറ്റ്ബ്യൂറോ അംഗം സുഭാഷിണി അലി നാളെ കോട്ടയത്ത് പര്യടനം നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പൊന്നാനി മണ്ഡലത്തിൽ പര്യടനം നടത്തും.

കേരളത്തിൽ 20 മണ്ഡലങ്ങളിൽ ഈ മാസം 26 -നാണ് വോട്ടടുപ്പ് നടക്കുന്നത്.

*___________________________*

## ELECTION 4TH PHASE

നാലാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ഒൻപത് സംസ്ഥാനങ്ങളിലേയും ജമ്മുകശ്മീരിലെയും 96 മണ്ഡലങ്ങളിലാണ് നാലാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. നാമനിർദേശ പത്രികകൾ ഈ മാസം 25 വരെ സമർപ്പിക്കാം. 26 നാണ് സൂക്ഷ്മ പരിശോധന. ഏപ്രിൽ 29 വരെ പത്രികകൾ പിൻവലിക്കാൻ അവസരമുണ്ട്. മെയ് 13 നാണ് വോട്ടെടുപ്പ്. ആന്ധ്രാപ്രദേശിലെ 25 മണ്ഡലങ്ങളിലും, തെലങ്കാനയിൽ 17 ഇടത്തും ഉത്തർ പ്രദേശിൽ 13 സീറ്റുകളിലും, നാലാംഘട്ടത്തിലാണ് വോട്ടെടുപ്പ്. മഹാരാഷ്ട്രയിൽ 11 ഉം, പശ്ചിമബംഗാളിലെയും മധ്യപ്രദേശിലെയും എട്ടു വീതം മണ്ഡലങ്ങളിലും മെയ് 13 ന് വോട്ടെടുപ്പ് നടക്കും. എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും വോട്ടെടുപ്പ് നാലാം ഘട്ടത്തോടെ പൂർത്തിയാകും. ആന്ധ്രാപ്രദേശ്, ഒഡീഷ നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വിജ്ഞാപനവും ഇതോടൊപ്പം പുറപ്പെടുവിച്ചു. ആന്ധ്രാപ്രദേശിന്റെ 175 നിയമസഭാ മണ്ഡലങ്ങളിൽ മെയ് 13 ന് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. നാല്

ഘട്ടങ്ങളിലായി തിരഞ്ഞെടുപ്പ് നടക്കുന്ന ഒഡീഷയിലെ 28 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ആദ്യ ഘട്ട വിജ്ഞാപനമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചത്.

*______________________________*

**SC-VVPAT**

വോട്ടെടുപ്പിൽ ഇ.വി.എം വോട്ടുകളും വിവി പാറ്റ് സ്ലിപ്പുകളും പൂർണമായും പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജികളിൽ സുപ്രീംകോടതിയിൽ ഇന്ന് വാദം പുനരാരംഭിക്കും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാകർ ദത്ത എന്നിവരടങ്ങുന്ന ബെഞ്ചാണ് വാദം കേൾക്കുക. വി.വി പാറ്റ് സ്ലിപ്പുകളുമായി ഒത്തുനോക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ കോടതിയെ ധരിപ്പിച്ചു. ബാലറ്റ് പേപ്പറിലേക്ക് തിരികെ പോകണമെന്ന ആശയം പരമോന്നത കോടതി കഴിഞ്ഞ ആഴ്ച ഹർജികളിൽ വാദം കേൾക്കവേ തള്ളിയിരുന്നു.

*______________________________*

**BJP-RANE**

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള 13- ാമത് സ്ഥാനാർത്ഥി പട്ടിക ബിജെപി പുറത്തിറക്കി. കേന്ദ്രമന്ത്രി നാരായൺ റാണെ മഹാരാഷ്ട്രയിലെ രത്നഗിരി- സിന്ധുദുർഗ് പാർലമെൻറി മണ്ഡലത്തിൽ നിന്നും ജനവിധി തേടും.

*______________________________*

**K. K Shailaja – case registered**

സമൂഹമാധ്യമങ്ങളിലെ അശ്ലീല പോസ്റ്റിനെതിരെ വടകരയിലെ എൽഡിഎഫ് സ്ഥാനാർത്ഥിയും മുൻ മന്ത്രിയുമായ കെ.കെ ശൈലജ നൽകിയ പരാതിയിൽ പോലീസ് കേസെടുത്തു. കോഴിക്കോട് നടുവണ്ണൂർ സ്വദേശിയായ ഗൾഫ് മലയാളി കെ എം മിൻഹാജിനെ പ്രതിയാക്കിയാണ് മട്ടന്നൂർ പൊലീസ് കേസ്

എടുത്തത്. പത്ത് ദിവസം മുമ്പാണ് അശ്ലീല പോസ്റ്റിനെതിരെ ശൈലജ പൊലീസിൽ പരാതി നൽകിയത്. ഇയാൾക്കെതിരെ കലാപാഹ്വാനം നടത്തിയതിനുള്ള വകുപ്പുകളും ചേർത്തിട്ടുണ്ട്.

*______________________________*

## Thrissur pooram

തൃശിവപേരൂരിൽ പൂര വിളംബരം. തൃശൂർ പൂരത്തിന്റെ വരവറിയിച്ച്, നെയ്തലക്കാവിലമ്മയുടെ തിടമ്പുമേന്തി ഗജവീരൻ എറണാകുളം ശിവകുമാർ തെക്കേ ഗോപുരനട തുറന്നു. പൂരത്തെ

വരവേൽക്കാൻ തെക്കേഗോപുരനടയിൽ ആയിരക്കണക്കിന് ആളുകളാണ് ഒത്തുകൂടിയത്. നാളെയാണ് പ്രസിദ്ധമായ തൃശൂർ പൂരം. രാവിലെ 6 മുതൽ ചെറുപൂരം തുടങ്ങും. മഠത്തിൽ വരവ് രാവിലെ 11 നും ഇലഞ്ഞിത്തറമേളം രണ്ടിനുമാണ്. പ്രധാന ചടങ്ങായ കുടമാറ്റം വൈകിട്ട് നാലിന് നടക്കും.

*______________________________*

## GOVT-SPACE

ബഹിരാകാശ മേഖലയിൽ 100 ശതമാനം വരെ നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിക്കുന്നതിനുള്ള നിയമാവലികൾ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തു. ബഹിരാകാശ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളിൽ വ്യത്യസ്ത തോതിലാണ് വിദേശനിക്ഷേപം

അനുവദിച്ചിരിക്കുന്നത്. ഉപഗ്രഹ നിർമാണം, പ്രവർത്തിപ്പിക്കൽ, സാറ്റലൈറ്റ് ഡാറ്റാ മേഖലകളിൽ 100 ശതമാനവും, വിക്ഷേപണ വാഹന മേഖലയിൽ 49 ശതമാനം വരെയും വിദേശ നിക്ഷേപം അനുവദിച്ചിട്ടുണ്ട്. ഉപഗ്രഹ നിർമാണത്തിന് വേണ്ട വിവിധ ഘടകങ്ങളുടെ ഉത്പാദനത്തിൽ 100 ശതമാനം വരെ വിദേശ നിക്ഷേപം ഇതിലൂടെ സാധ്യമാണ്.

*______________________________*

## J&K -TERRORIST ATTACK

കശ്മീർ താഴ്വരയിൽ ഭീകരരുടെ വെടിയേറ്റ് ബിഹാർ സ്വദേശി കൊല്ലപ്പെട്ടു. ദക്ഷിണ കശ്മീരിലെ അനന്ത്നാഗ് ജില്ലയിൽ ഇന്നലെ വൈകുന്നേരമാണ് സംഭവം. പൊലീസ് ഉടൻ തന്നെ ഇദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പ്രദേശത്ത് സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. ഭീകരർക്കായുള്ള തിരച്ചിൽ പുരോഗമിക്കുകയാണ്.

*________________________________*

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് ഗുജറാത്ത് ടൈറ്റൻസിനെ 6 വിക്കറ്റിന് പരാജയപ്പെടുത്തി.

*________________________________*

## NT. DUBAI-WEATHER

യു എ ഇയിൽ കനത്ത മഴയ്ക്ക് ശമനമായി. ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് അധികൃതർ അറിയിച്ചു. മലയാളികളടക്കം ആയിരക്കണക്കിനാളുകളാണ് മഴമൂലം ദുരിതത്തിലായത്. 75 വർഷത്തിനിടയിലെ ഏറ്റവും കനത്ത മഴയാണ് ഇവിടെയുണ്ടായത്. കോടികളുടെ നാശനഷ്ടം സംഭവിച്ചതായാണ് വിലയിരുത്തലുകൾ. ജനജീവിതം സാധാരണരീതിയിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഒമാനിലും വലിയ രീതിയിലുള്ള മഴക്കെടുതികളാണ് അനുഭവപ്പെടുന്നത്. വെള്ളപ്പൊക്കത്തിൽ ഒരു മലയാളി ഉൾപ്പെടെ 20 ഓളം പേർക്ക് ജീവൻ നഷ്ടമായിരുന്നു.

*________________________________*

## UNSPA

ജനസംഖ്യയിൽ ലോകത്ത് ഒന്നാം സ്ഥാനത്തെത്തി ഇന്ത്യ. ഇന്ത്യയിലെ ജനസംഖ്യ 1.44 ബില്ല്യൻ ആയതായി യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് - UNFPA അറിയിച്ചു. ചൈനയെ പിന്തള്ളിയാണ് ഇന്ത്യ ഒന്നാം സ്ഥാനത്തെത്തിയത്. 1.425 ബില്ല്യനാണ് ചൈനയിലെ ജനസംഖ്യ. ഇന്ത്യയിലെ സാമൂഹിക - സാമ്പത്തിക സാഹചര്യം മെച്ചപ്പെട്ടതും മാതൃ മരണ നിരക്ക് കുറഞ്ഞതുമാണ് ജനസംഖ്യ ഉയരാൻ കാരണമെന്ന് UNFPA അറിയിച്ചു.

*__________________________________*

## IMD - HEAT WAVE

രാജ്യത്ത് വരും ദിവസങ്ങളിൽ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പശ്ചിമ ബംഗാളിന്റെ തെക്കൻ പ്രദേശങ്ങൾ, ഒഡീഷ, തമിഴ്നാട്, ആന്ധ്ര പ്രദേശിന്റെ തീരമേഖല എന്നിവിടങ്ങളിൽ അടുത്ത മൂന്ന് ദിവസം ഉഷ്ണ തരംഗത്തിന് സാധ്യതയുണ്ട്. ഈ പ്രദേശങ്ങളിൽ താപനില 40 ഡിഗ്രി സെൽഷ്യസിന് മുകളിലെത്തുമെന്നാണ് മുന്നറിയിപ്പ്. തെലങ്കാന, പുതുച്ചേരി, ഝാർഖണ്ഡ് എന്നിവിടങ്ങളിലും ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതേസമയം, വടക്ക് പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ ഞായറാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ മുന്നറിയിപ്പിൽ പറയുന്നു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&